I/108217/2023

വനിത ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര , തിരുവനന്തപുരം
തീയതി :29-07-2023
Email -
directorate.wcd@kerala.gov.in
Phone : 0471 – 2346534

## സർക്കുലർ

വിഷയം: വനിതാ ശിശു വികസന വകുപ്പ്- Plan space software കാര്യക്ഷമമായി ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന: D.O Letter No. SPB/760/2023-PCD Dated 10.07.2023

വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ തൽസമയ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനമാണ് പ്ലാൻ സ്പേസ് . എന്നാൽ PLANSPACE 2.O യുടെ പല സവിഷേതകളും നിർവഹണ ഉദ്യോഗസ്ഥൻ പ്രയോജനപ്പെടുത്താത്തതിനാൽ പല പദ്ധതികളുടെയും പുരോഗതി കൃത്യമായി വിലയിരുത്താൻ സാധിക്കുന്നില്ലെന്ന് സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്ലാൻ സ്പേസ് അപ്ഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

- വകുപ്പിലെ കീഴ്ഓഫീസുകളിൽ നിന്നും പ്ലാൻ സ്പേസ്ൽ സമയബന്ധിതമായി ചെലവ് രേഖപ്പെടുത്താത്തത് കാരണം പല പദ്ധതികളുടെയും ചെലവ് വിവരം ട്രെഷറി എക്സ്പെൻടിച്ചറിൽ നിന്നും വ്യത്യാസപ്പെട്ട് കാണുന്നു. ഈ സാഹചര്യത്തിൽ ഡയറക്ടറേറ്റിൽ നിന്നും ജില്ലാ ഓഫീസുകളിലേക്കും ജില്ലാ ഓഫീസുകളിൽ നിന്നും കീഴ്ഓഫീസുകളിലേക്കും അനുവദിക്കുന്ന തുക ചെലവഴിക്കുന്ന മുറയ്ക്ക് ചെലവ് വിവരം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ സമയബന്ധിതമായി (on real time basis) പ്ലാൻ സ്പേസ്ൽ എൻട്രി വരുത്തേണ്ടതാണ്.
- ഓരോ പദ്ധതിയുടെയും സാമ്പത്തിക പുരോഗതിയോടൊപ്പം തന്നെ വിലയിരുത്തേണ്ടതാണ് ഭൗതിക പുരോഗതിയും. ഭൗതിക പുരോഗതിയുടെ വിവിധ ഘട്ടങ്ങൾ Geo-tag ചെയ്യുന്നതിനുള്ള സംവിധാനം PLANSPACE 2.O പോർട്ടലിൽ ലഭ്യമാണ്. ആയത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതും സാദ്ധ്യമായ എല്ലാ പ്രോജക്ടുകളുടെയും നടത്തിപ്പിന്റെ പുരോഗതി വിവിധ ഘട്ടങ്ങളിൽ ഫോട്ടോ എടുത്ത് അപ്ലോഡ് ചെയ്യേണ്ടതും ആയത് geo-tag ചെയ്യേണ്ടതുമാണ്.
- ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ജില്ലാ തല റിവ്യൂ മീറ്റിംഗുകളിൽ പ്ലാൻ സ്പേസ് അപ്ഡേഷൻ അജണ്ട ഇനമായി ഉൾപ്പെടുത്തേണ്ടതും കീഴ് കാര്യാലയ മേധാവികൾ കൃത്യമായി പ്ലാൻ സ്പേസ് അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

വനിതാ ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 29-07-2023 22:33:48